## പ്രവാസി ക്ഷേമനിധി-അംഗത്വത്തിനുള്ളഅപേക്ഷ സമർപ്പിക്കേണ്ട വിധം

വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ചു വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറേറതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചു വരുന്നവർക്കും, അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായം 18നും 55നും മധ്യേയായിരിക്കണം. അപേക്ഷ സമർപ്പിക്കാൻ ഉപയോഗിക്കേണ്ട ഫോറം, അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകർ | ഉപയോഗിക്കേണ്ട ഫോറം | അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | വിദേശത്ത് ജോലി ചെയ്യുന്നവർ [പ്രവാസി കേരളീയൻ (വിദേശം)] | ഫോറം നമ്പർ 1A | 1) *ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2) നോർക്കാ റൂട്ട്സിൽ നിന്നും ഐഡന്റിററി കാർഡ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. പ്രിസ്തുത ഐഡന്റിറ്റി കാർഡ് ഇല്ലാത്തപക്ഷം താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.<br>i) പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>ii) പ്രാബല്യത്തിലുള്ള വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |
| 2. | വിദേശത്ത് നിന്ന് തിരിച്ചു വന്നവർ [മുൻ പ്രവാസി കേരളീയൻ (വിദേശം)] | ഫോറം നമ്പർ 1B | 1) *ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2) പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3) വിദേശത്ത് താമസിച്ചത് തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4) രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ പ്രവാസി കേരളീയനായിരുന്നുവെന്നും തിരിച്ചുവന്ന് ഇപ്പോൾ കേരളത്തിൽ സ്ഥിരതാമസമാക്കിയതാണെന്നും തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി/ഒരു ഗസറ്റഡ് ഓഫീസർ/നിയമസഭാംഗം/പാർലമെന്റ് അംഗം ഇവരിൽ ആരിൽനിന്നെങ്കിലുമുള്ള സാക്ഷ്യപത്രം. |
| 3. | ഇന്ത്യയിലെ മറേറതെങ്കിലും സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ [പ്രവാസി കേരളീയൻ (ഭാരതം)] | ഫോറം നമ്പർ 2A | 1) *ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2) അപേക്ഷകൻ കേരളത്തിന് പുറത്ത് ഇന്ത്യയിൽ ആറുമാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി/ഒരു ഗസററഡ് ഓഫീസർ/നിയമസഭാംഗം/പാർലമെന്റ് അംഗം ഇവരിൽ ആരിൽനിന്നെങ്കിലുമുള്ള സാക്ഷ്യപത്രമോ റേഷൻ കാർഡോ ബോർഡ് നിശ്ചയിക്കുന്ന വിധമുള്ള രേഖയോ ഹാജരാക്കണം.<br>3) കേരളത്തിന് പുറത്ത് ഇന്ത്യയിൽ എവിടെയെങ്കിലും തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും ഏതെങ്കിലും വ്യവസായം/ബിസിനസ്സ്/സ്ഥാപനം നടത്തുകയാണെങ്കിൽ അത് സംബന്ധിച്ചും സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും അല്ലെങ്കിൽ എന്തിന് വേണ്ടിയാണ് താമസിക്കുന്നത് എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലുടമയിൽ നിന്നോ, സ്ഥാപന അധികാരിയിൽനിന്നോ വില്ലേജ് ആഫീസറിൽ നിന്നോ തത്തുല്യപദവിയിൽ കുറയാത്ത മറ്റേതെങ്കിലും അധികാരിയിൽ നിന്നോ ഉള്ള സാക്ഷ്യപത്രമോ അവ ഹാജരാക്കാൻ കഴിയില്ല എങ്കിൽ ബോർഡ് നിശ്ചയിക്കുന്ന വിധത്തിലുള്ള രേഖകളോ ഹാജരാക്കണം. |

* ജനന തീയതി/വയസ് തെളിയിക്കുവാൻ ജനന-മരണ രജിസ്ട്രാറുടെ സാക്ഷ്യപത്രം സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. Non Resident Kerlaite Welfare Fund എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 200 രൂപയുടെ ഡിമാന്റ് ഡ്രാഫ്ററും ആവശ്യമുള്ള സർട്ടിഫിക്കററുകളുടെ ഗസററഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം : **The Special Officer, Non Residential Keralite Welfare Fund, Ground Floor, Manikanda Towers, Near Tennis Club, Jawahar Nagar, Thiruvananthapuram-695003.**